# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4504 — 26.06.14 ൽ - മറുപടിക്ക്

## സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പിനു കീഴിലുള്ള വിജിലൻസ് കമ്മിറ്റികൾ ജാഗരൂകമായി പ്രവർത്തിച്ചു വരുന്നു. റേഷൻ സാധനങ്ങളുടെ പൂഴ്ത്തിവെയ്പ്പ്, മറിച്ചു വിൽപ്പന, കരിഞ്ചന്തയിലെ വിൽപ്പന മുതലായവ തടയുക, സർക്കാർ സബ്സിഡി നൽകി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക, പൊതുവിതരണ രംഗത്തെ പരാതികൾക്ക് പരിഹാരം കാണുക, ഈ സമ്പ്രദായത്തെക്കുറിച്ച് മൊത്തത്തിൽ ഒരു അവബോധം സൃഷ്ടിക്കുക എന്നിവ ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ പ്പെടുന്നു. |
| (ബി) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി പ്രസ്തുത വിജിലൻസ് കമ്മിറ്റികൾ കണ്ടെത്തിയിട്ടുണ്ടോ ;<br>(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) യും (സി) യും ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പ്രസ്തുത നിയമത്തിലെ വകുപ്പ് 29 പ്രകാരവും, സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം 2018-ന്റെ ചട്ടം 43 പ്രകാരവും പൊതുവിതരണ സമ്പ്രദായത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട എന്നിങ്ങനെ നാലുതലങ്ങളിലുള്ള വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ